വീക്ഷണം
veekshanam.com

# സംയുക്ത ട്രേഡ് യൂണിയൻ ഐഎൻടിയുസിയുടെ നേതൃത്വത്തിൽ നടന്ന മെയ്ദിന റാലിയും സമ്മേളനവും

തിരുവനന്തപുരം: ജില്ലയിലെ സംയുക്ത ട്രേഡ് യൂണിയൻ ഐഎൻടിയുസിയുടെ ആഭിമുഖ്യത്തിൽ മെയ്ദിന റാലിയും സമ്മേളനവും നടന്നു.

മ്യൂസിയം ജങ്ഷനിൽ കെ.കരുണാകരന്റെ പ്രതിമക്ക് മുന്നിൽ ഹാരാർപ്പണം നടത്തിയ ശേഷം കെപിസിസി മുൻ പ്രസിഡന്റ് കെ. മുരളീധരൻ റാലിയുടെ ഫ്ലാഗ് ഓഫ് കർമ്മം നിർവഹിച്ചു. ആയിരക്കണക്കിന് തൊഴിലാളികൾ റാലിയിൽ പങ്കെടുത്തു. റാലിയുടെ സമാപനത്തോടെ ആശാൻ സ്ക്വയറിൽ നടന്ന മെയ്ദിന സമ്മേളനം കോൺഗ്രസ് പ്രവർത്തക സമിതി അംഗം രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്തു. രാജ്യത്തെ കോർപറേറ്റുകൾക്ക് വേണ്ടി തൊഴിലാളികളുടെ അവകാശങ്ങൾ മോദിയുടെ ഗവണ്മെന്റ് കവർന്നെടുക്കുകയാണെന്ന് അദ്ദേഹം കുറ്റപ്പെടുത്തി. വർക്കല കഹാർ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. തമ്പാനൂർ രവി മെയ്ദിന സന്ദേശം വായിച്ചു. മതേതരത്വവും ജനാധിപത്യവും, ഭരണഘടനയും നിലനിർത്തുന്നതിനു തൊഴിലാളികൾ ജീവൻ നൽകുമെന്ന് പ്രതിജ്ഞ എടുത്തു. പാലോട് രവി, കെ.പി ധനപാലൻ, ആർ.എം പരമേശ്വരൻ, ടി.ശരചന്ദ്രപ്രസാദ്, ജി. സുബോധൻ, ആറ്റിങ്ങൽ അജിത്, ചാല സുധാകരൻ, സിബിക്കുട്ടി ഫ്രാൻസിസ്, ചെറുവയ്ക്കൽ പത്മകുമാർ, ഉള്ളൂർ മുരളി, കടകമ്പള്ളി ഹരിദാസ്, ചാരാച്ചിറ രാജീവ്, ചീരാണിക്കര ബാബു, പി. സുധാകരൻ എന്നിവർ സംസാരിച്ചു.



*ഐഎൻടിയുസി ട്രേഡ് യൂണിയനുകളുടെ സംയുക്ത ആഭിമുഖ്യത്തിൽ മെയ്ദിന റാലിയുടെ ഫ്ലാഗ് ഓഫ് കെപിസിസി മുൻ പ്രസിഡന്റ് കെ. മുരളീധരൻ നിർവഹിക്കുന്നു*



*ഐഎൻടിയുസി ട്രേഡ് യൂണിയനുകളുടെ സംയുക്ത ആഭിമുഖ്യത്തിൽ മെയ്ദിന റാലിയുടെ സമാപന സമ്മേളനം കോൺഗ്രസ് പ്രവർത്തക സമിതി അംഗം രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യുന്നു*



മേയ് ദിനത്തോട് അനുബന്ധിച്ച് ജില്ലാ ഹെഡ് ലോഡ് ആൻഡ് ജനറൽ വർക്കേഴ്സ് യൂണിയൻ(സിഐടിയു) നഗരത്തിൽ നടത്തിയ റാലി.




ഐഎൻടിയുസി ട്രേഡ് യൂണിയനുകളുടെ സംയുക്ത നേതൃത്വത്തിൽ നടത്തിയ റാലി.

## തൊഴിലാളി ദിനത്തിൽ പൂർണസജ്ജമായി എകെജി സെന്റർ

തിരുവനന്തപുരം● സിപിഎമ്മിന്റെ സംസ്ഥാനത്തെ പുതിയ ആസ്ഥാനമായ എകെജി സെന്റർ പൂർണതോതിൽ പ്രവർത്തനം ആരംഭിച്ചു.

കഴിഞ്ഞ 23ന് മുഖ്യമന്ത്രി പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവഹിച്ചിരുന്നെങ്കിലും സംസ്ഥാന സെക്രട്ടറി എം.വി.ഗോവിന്ദന്റെ ഓഫിസ് അടക്കം പുതിയ കെട്ടിടത്തിലേക്കു മാറിയത് തൊഴിലാളി ദിനമായ മേയ് ഒന്നിനാണ്.

പൊളിറ്റ്ബ്യൂറോ അംഗങ്ങൾ, സംസ്ഥാന സെക്രട്ടേറിയറ്റ് അംഗങ്ങൾ എന്നിവർക്കും ഇവിടെ ഓഫിസ് സംവിധാനങ്ങളുണ്ട്.

ഇനി സംസ്ഥാന സെക്രട്ടേറിയറ്റ്, സംസ്ഥാന കമ്മിറ്റി, എൽഡിഎഫ് യോഗങ്ങൾ നടക്കുന്നതും ഇവിടെയാകും. പഴയ ഓഫിസ് പഠന, ഗവേഷണ കേന്ദ്രമാക്കി മാറ്റാനാണ് തീരുമാനം. ലൈബ്രറി ഇപ്പോഴും അവിടെയാണു പ്രവർത്തിക്കുന്നത്. പാർട്ടിയുമായും പോഷക സംഘടനകളുമായും ബന്ധപ്പെട്ട സമ്മേളനങ്ങൾ നടക്കുന്നതും പഴയ ഓഫിസ് മന്ദിരത്തിന് അനുബന്ധമായുള്ള എകെജി ഹാളിലായിരിക്കും.



മേയ്ദിന ആഘോഷങ്ങളുടെ ഭാഗമായി എകെജി സെന്ററിൽ സിപിഎം സംസ്ഥാന സെക്രട്ടറി എം.വി.ഗോവിന്ദൻ പതാക ഉയർത്തുന്നു.

# ഐക്യവിളംബരമായി മേയ്ദിനാചരണം

തിരുവനന്തപുരം ● വിവിധ കേന്ദ്രങ്ങളിൽ റാലികൾ സംഘടിപ്പിച്ചും തൊഴിലാളി ദിന പതാക ഉയർത്തിയും വിവിധ സംഘടനകളുടെ നേതൃത്വത്തിൽ തൊഴിലാളി ദിനം ആചരിച്ചു.

● ഐഎൻടിയുസി ട്രേഡ് യൂണിയനുകളുടെ സംയുക്ത നേതൃത്വത്തിൽ, മുൻ മുഖ്യമന്ത്രി കെ.കരുണാകരന്റെ കനകക്കുന്നിൽ സ്ഥാപിച്ചിട്ടുള്ള പ്രതിമയിൽ പുഷ്പാർച്ചന നടത്തിയ ശേഷം മേയ് ദിന റാലി നടത്തി. കെ.മുരളീധരൻ ഫ്ലാഗ് ഓഫ് ചെയ്തു. കേരളം ഭരിക്കുന്നത് കുത്തക മുതലാളിമാരുടെ സർക്കാരാണെന്ന് കെ.മുരളീധരൻ പറഞ്ഞു. പാളയം ആശാൻ സ്ക്വയറിൽ വർക്കല കഹാറിന്റെ അധ്യക്ഷതയിൽ ചേർന്ന സമാപന സമ്മേളനം എഐസിസി വർക്കിങ് കമ്മിറ്റി അംഗം രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്തു. ട്രേഡ് യൂണിയൻ രംഗത്ത് 50 വർഷം പൂർത്തീകരിച്ച ആർ.എം.പരമേശ്വരനെ ആദരിച്ചു. ടി. ശരത്ചന്ദ്ര പ്രസാദ്, കെ.പി.ധനപാലൻ, ഉള്ളൂർ മുരളി, പാലോട് രവി, എം. വിൻസന്റ് എംഎൽഎ, ജി.സുബോധൻ, ഇ.ഷംസുദ്ദീൻ, ചാല സുധാകരൻ, ആറ്റിങ്ങൽ അജിത്, സിബിക്കുട്ടി ഫ്രാൻസിസ്, ചാല നാസർ, വട്ടപ്പാറ ചന്ദ്രൻ, പി.എം. ബഷീർ, കടകംപള്ളി ഹരിദാസ്, പി. സുധാകരൻ തുടങ്ങിയവർ പങ്കെടുത്തു.

● സിഐടിയുവിന്റെ നേതൃത്വത്തിൽ വിവിധ കേന്ദ്രങ്ങളിൽ നടത്തിയ പ്രകടനങ്ങളിൽ ഒട്ടേറെ പ്രവർത്തകർ പങ്കെടുത്തു. സിഐടിയു സംസ്ഥാന കമ്മിറ്റി ഓഫിസിനു മുന്നിൽ സംസ്ഥാന സെക്രട്ടറി കെ.എസ്. സുനിൽകുമാർ പതാക ഉയർത്തി. ഓട്ടോ--ടാക്സി ആൻഡ് ലൈറ്റ് മോട്ടർ യൂണിയൻ വാഹന റാലി സംഘടിപ്പിച്ചു.

● ബാങ്ക് എംപ്ലോയീസ് ഫെഡറേഷൻ ഓഫ് ഇന്ത്യ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ തൊഴിലാളി ദിനത്തോടനുബന്ധിച്ച് ബെഫി മുൻ ദേശീയ പ്രസിഡന്റ് പി. സദാശിവൻ പിള്ള പതാക ഉയർത്തി. ജില്ലാ പ്രസിഡന്റ് എസ്. സജീവ് കുമാർ അധ്യക്ഷത വഹിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് കെ ഹരികുമാർ, സംസ്ഥാന ജോയിന്റ് സെക്രട്ടറി എസ്.എൽ. ദിലീപ്, ജനറൽ കൗൺസിൽ അംഗം ബി.എസ്. പ്രശാന്ത്, സ്റ്റേറ്റ് ബാങ്ക് റിട്ടയറീസ് ഫോറം സംസ്ഥാന ജനറൽ സെക്രട്ടറി പി.വി. ജോസ്, ജില്ലാ സെക്രട്ടറി എൻ. നിഷാന്ത്, സംസ്ഥാന കമ്മിറ്റി അംഗം കെ.പി. ബാബുരാജ് പ്രസംഗിച്ചു.

● ഐഎൻടിയുസി ജില്ലയിലെ 112 കേന്ദ്രങ്ങളിൽ മേയ് ദിന റാലി നടത്തി. റാലിക്കു ശേഷം ചേർന്ന യോഗത്തിൽ തൊഴിലാളികൾ ഭീകര വിരുദ്ധ പ്രതിജ്ഞയെടുത്തു.ജില്ലാ തല ഉദ്ഘാടനം തമ്പാനൂർ അരിസ്റ്റോ ജംക്ഷനിൽ ഡിസിസി പ്രസിഡന്റ് പാലോടു രവി ഉദ്ഘാടനം ചെയ്തു. ഐഎൻടിയുസി ജില്ലാ പ്രസിഡന്റും ദേശീയ ഓർഗനൈസിങ് സെക്രട്ടറിയുമായ വി.ആർ. പ്രതാപൻ അധ്യക്ഷത വഹിച്ചു. വി.ജെ. ജോസഫ്, കെ.പി. തമ്പി കണ്ണാടൻ, പുത്തൻപള്ളി നിസാർ, ജെ. സതികുമാരി, എം.എസ്. താജുദ്ദീൻ, ഡി.ഷുബീല, തമ്പാനൂർ മധു, സുനിമോൻ, കെ.എം. അബ്ദുൽ സലാം, വഴിമുക്ക് സെയ്ദലി , പേരൂർക്കട ഒ.എസ്. രാജീവ് കുമാർ, ഷമീർ വള്ളക്കടവ്, ജോണി ജോസ് നാലപ്പാട്ട് തുടങ്ങിയവർ പ്രസംഗിച്ചു.

● എസ്ടിയു ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച മേയ് ദിന റാലി പാളയം ആശാൻ സ്ക്വയറിൽ സംസ്ഥാന ട്രഷറർ ജി. മാഹിൻ അബൂബക്കർ ഉദ്ഘാടനം ചെയ്തു.. ജില്ലാ പ്രസിഡന്റ് മംഗലപുരം ഷാജിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജില്ലാ ട്രഷറർ കടമ്പാട്ടുകോണം ബിജു, സെക്രട്ടറി ഷമീം പള്ളിവേട്ട, എ. സക്കീർ ഹുസൈൻ, പാലച്ചിറ അൻസാരി, സിദ്ദീഖ്, പനവൂർ അസനാരാശാൻ, എസ്.എം. ഇക്ബാൽ, പ്രസംഗിച്ചു.

● ശ്രീചിത്ര സ്റ്റാഫ് യൂണിയന്റെ നേതൃത്വത്തിൽ നടത്തിയ തൊഴിലാളി സ്റ്റാഫ് യൂണിയൻ പ്രസിഡന്റ് കെ വി മനോജ് കുമാർ പതാക ഉയർത്തി. മേയ്ദിന പ്രഭാഷണം നടത്തി. രോഗി സേവന കേന്ദ്രത്തിന്റെ വകയായി മെഡിക്കൽ കോളജ് ക്യാംപസിലെ രോഗികൾക്ക് ഉച്ചഭക്ഷണം വിതരണം ചെയ്തു. ജനറൽ സെക്രട്ടറി ശ്രീകുമാർ, ടെക്നോളജി വിങ് ചെയർമാൻ ഷാജി, ജനറൽ സെക്രട്ടറി എ.ടി. അരുൺ, വൈസ് പ്രസിഡന്റ് ബി സുമേഷ് എന്നിവർ പ്രസംഗിച്ചു.

## ശ്രീലങ്കയിൽ റാലിയിൽ ബിനോയ് വിശ്വം

കൊളംബോ● ഇടതുപക്ഷത്തിന്റെ അന്ത്യം പ്രവചിച്ചവർക്കുള്ള മറുപടിയാണ് ശ്രീലങ്കയിലെ തൊഴിലാളിവർഗ മുന്നേറ്റമെന്ന് സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം. ശ്രീലങ്കൻ ഭരണകക്ഷിയായ ജെവിപിയുടെ മേയ്ദിന റാലിയെ അഭിവാദ്യം ചെയ്യുകയായിരുന്നു ബിനോയ്. ട്രംപ് ഭരണകൂടത്തിന്റെ നയങ്ങൾ ലോകത്തെ വെല്ലുവിളിക്കുമ്പോൾ ഇന്ത്യയിലും ശ്രീലങ്കയിലും അടക്കം പുതിയ വെല്ലുവിളികളെ ഇടതുപക്ഷത്തിനു നേരിടേണ്ടിവരും. കേരള സർക്കാർ ശ്രീലങ്കൻ സർക്കാരിന്റെ ജനപക്ഷ നയങ്ങൾ പഠിക്കാൻ ശ്രമിക്കുമെന്നും ബിനോയ് പറഞ്ഞു. സിപിഎം കേന്ദ്രകമ്മിറ്റി അംഗം എ. ആർ.സിന്ധു, ഫോർവേഡ് ബ്ലോക്ക് ജനറൽ സെക്രട്ടറി ജി.ദേവരാജൻ എന്നിവരും പ്രസംഗിച്ചു.



# ചന്ദ്രിക

## സംയുക്ത ട്രേഡ് യൂണിയൻ മെയ്ദിന റാലി

തിരുവനന്തപുരം: ജില്ലയിലെ സംയുക്ത ട്രേഡ് യൂണിയൻ ഐ.എൻ.ടി.യു.സിയുടെ ആഭിമുഖ്യത്തിൽ മെയ്ദിന റാലിയും സമ്മേളനവും നടന്നു. മ്യൂസിയം ജങ്ഷനിൽ കെ.കരുണാകരന്റെ പ്രതിമക്ക് മുന്നിൽ ഹാരാർപ്പണം നടത്തിയ ശേഷം കെ.പി.സി.സി മുൻ പ്രസിഡന്റ് കെ. മുരളീധരൻ റാലിയുടെ ഫ്ലാഗ് ഓഫ് കർമ്മം നിർവഹിച്ചു. ആയിരക്കണക്കിന് തൊഴിലാളികൾ റാലിയിൽ പങ്കെടുത്തു.

റാലിയുടെ സമാപനത്തോടെ ആശാൻ സ്ക്വയറിൽ നടന്ന മെയ്ദിന സമ്മേളനം കോൺഗ്രസ് പ്രവർത്തക സമിതി അംഗം രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്തു.

വർക്കല കഹാർ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു.തമ്പാനൂർ രവി മെയ്ദിന സന്ദേശം വായിച്ചു. പാലോട് രവി, കെ.പി ധനപാലൻ, ആർ.എം പരമേശ്വരൻ, ടി.ശരചന്ദ്രപ്രസാദ്, ജി. സുബോധൻ എന്നിവർ സംസാരിച്ചു.



*ഐ.എൻ.ടി.യു.സി ട്രേഡ് യൂണിയനുകളുടെ സംയുക്ത ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച മെയ്ദിന റാലിയുടെ ഫ്ലാഗ് ഓഫ് കെ.പി.സി.സി മുൻ പ്രസിഡന്റ് കെ. മുരളീധരൻ നിർവഹിക്കുന്നു.*



*...നിൽ ഉദ്ഘാടനം ചെയ്യുന്നു*

അധ്യക്ഷത വഹിച്ചു. രഞ്ജു, സുനിൽ, അബ്ദുൾസാലം എന്നിവർ പങ്കെടുത്തു.

ഐ.എൻ.ടി.യു.സി ട്രേഡ് യൂനിയനുകളുടെ സംയുക്താഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് മേയ്ദിനാഘോഷം നടത്തി. കനകക്കുന്നിൽ ലീഡർ കെ. കരുണാകരന്റെ പ്രതിമക്ക് മുന്നിൽ പുഷ്പാർച്ചന നടത്തി. മേയ് ദിന ജാഥ കെ. മുരളീധരൻ ഫ്ലാഗ് ഓഫ് ചെയ്തു. ആശാൻ സ്ക്വയറിൽ വർക്കല കഹാറിന്റെ അധ്യക്ഷതയിൽ ചേർന്ന സമാപന സമ്മേളനം എ.ഐ.സി.സി വർക്കിങ് കമ്മിറ്റി അംഗം രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്തു. ടി. ശരത്ചന്ദ്ര പ്രസാദ് സ്വാഗതം പറഞ്ഞു. കെ.പി. ധനപാലൻ മേയ്ദി... സന്ദേശം നൽകി. ഉള്ളൂർ മുര... പ്രതിജ്ഞ ചൊല്ലി. ട്രേഡ് യൂ...ിയൻ രംഗത്ത് 50 വർഷം പൂർത്തികരിച്ച ആർ.എം. പരമേശ്വരനെ ആദരിച്ചു.

പാലോട് രവി, എം. വിൻസെന്റ് എം.എൽ.എ, അഡ്വ. ജി. സുബോധൻ, ഇ. ഷംസുദ്ദീൻ, ചാല സുധാകരൻ, ആറ്റിങ്ങൽ അജിത്, സിബിക്കുട്ടി ഫ്രാൻസിസ്, ചാല നാസർ, വട്ടപ്പാറ ചന്ദ്രൻ, പി.എം. ബഷീർ, കടകംപള്ളി ഹരിദാസ്, ചെറുവയ്ക്കൽ പദ്മകുമാർ, എസ്.എൻ പുരം ജലാൽ, എം. ജോസഫ് പെരേര, ആർ. പുരുഷോത്തമൻ നായർ, ചക്കാലമുക്ക് മോഹനൻ, മുത്തുകൃഷ്ണൻ, മോഹനൻ തമ്പി, ആലിയാട് സുരേന്ദ്രൻ, എൻ.കെ.പി. സുഗതൻ, പാറ്റൂർ സുനിൽ, ആടുമൻകാട് വിജയൻ, ജയരാമൻ, ആറ്റുകാൽ രമാദേവി, വട്ടപ്പാറ സതീശൻ, വെഞ്ഞാറമൂട് ഷാജി, കൊല്ലയിൽ രാജൻ, സുദേവ് കുമാർ, മോളി അജിത്, കിളിമാനൂർ ജോണി, ആര്യംകോട് സ്റ്റീഫൻ എന്നിവർ പങ്കെടുത്തു.

എസ്.ടി.യു ജില്ല കമ്മിറ്റി സംഘടിപ്പിച്ച മേയ് ദിന റാലി പാളയം ആശാൻ സ്ക്വയറിൽ സംസ്ഥാന ട്രഷറർ ജി. മാഹിൻ അബുബക്കർ ഉദ്ഘാടനം ചെയ്തു. ജില്ല പ്രസിഡന്റ് മംഗലപുരം ഷാജി അധ്യക്ഷനായി. ജില്ല ട്രഷറർ കടമ്പാട്ടുകോണം ബിജു സ്വാഗതവും സെക്രട്ടറി ഷമീം പള്ളിവേട്ട നന്ദിയും പറഞ്ഞു. എ. സക്കീർ ഹുസൈൻ, പാലച്ചിറ അൻസാരി, സിദ്ദീഖ്, പനവൂർ അസനാരാശാൻ, എസ്.എം. ഇക്ബാൽ, വിഴിഞ്ഞം റസാക്ക് എന്നിവർ സംസാരിച്ചു.